# 2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ ചോദ്യാവലി

വിവിധ രാഷ്ട്രീയ പാർട്ടികളും സംഘടനകളും ആഹ്വാനം ചെയ്യുന്ന ഹർത്താൽ പൊതുജീവിതത്തെ ദോഷകരമായി ബാധിക്കുന്നതിനാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫയൽ ചെയ്യപ്പെട്ട ഒരുകൂട്ടം റിട്ട് ഹർജികളിൽ തീർപ്പുകൽപ്പിച്ചുകൊണ്ട് WP(C) 32529/2007 നമ്പർ റിട്ട് ഹർജിയിൽ 2014 ഡിസംബർ 29-ാം തീയതി പുറപ്പെടുവിച്ച വിധിന്യായത്തിൽ [2015(2) KLJ 442] 2008-ലെ സംസ്ഥാന നിയമ പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് പ്രകാരം ശിപാർശ ചെയ്തിട്ടുള്ള കരട് ബിൽ പരിഗണിച്ചുകൊണ്ടും ഹർത്താലുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ടും സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുവാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിക്കുകയും, പ്രസ്തുത നിർദ്ദേശം സർക്കാർ പരിശോധിക്കുകയും ഹർത്താൽ നിയന്ത്രിക്കുന്നതിനായി ഒരു നിയമ നിർമ്മാണം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിൽ അവതരിപ്പിക്കുകയുണ്ടായി. പ്രസ്തുത ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. ഇതിലെ വ്യവസ്ഥകൾ കുറ്റമറ്റതും പ്രായോഗികവും ആക്കുന്നതിനു വേണ്ടി സമൂഹത്തിലെ നാനാതുറകളിൽപ്പെട്ട വ്യക്തികളിൽ/സംഘടനകളിൽ നിന്നും അഭിപ്രായങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നു. അതിലേയ്ക്കായി ഒരു ചോദ്യാവലി ചുവടെ ചേർക്കുന്നു. സത്യസന്ധവും ആത്മാർത്ഥവുമായ പ്രതികരണം പ്രതീക്ഷിക്കുന്നു.

1. വിവിധ രാഷ്ട്രീയ പാർട്ടികളും സംഘടനകളും ആഹ്വാനം ചെയ്യുന്ന ഹർത്താലുകൾ പൊതുജനങ്ങൾക്ക് ദോഷകരമായി മാറുന്നുണ്ടോ? എങ്കിൽ അത് നിയന്ത്രിക്കുന്നതിന് ഇത്തരം ഒരു ബിൽ അനിവാര്യമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? "ഹർത്താൽ" എന്നതിന് ഈ ബില്ലിൽ നൽകിയിരിക്കുന്ന നിർവ്വചനം പര്യാപ്തമാണോ? ഇതിൽ എന്തെങ്കിലും ഭേദഗതി നിർദ്ദേശിക്കാനുണ്ടോ? ജനങ്ങളുടെ പ്രതിഷേധിക്കാനുള്ള ഭരണഘടനാപരമായ അവകാശം ഈ നിയമത്തിലൂടെ ഹനിക്കപ്പെടുന്നുണ്ടോ?
2. 2-ാം വകുപ്പിലെ ക്ലിപ്തനിബന്ധനയിൽ, ഹർത്താലിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ള സമരങ്ങളുടെ പട്ടികയിൽ പുതുതായി ഏതെങ്കിലും ഇനം ചേർക്കേണ്ടതുണ്ടോ?
3. ഹർത്താലുകളുടെ നിയന്ത്രണം സംബന്ധിച്ച 3-ാം വകുപ്പിൽ, മൂന്ന് ദിവസത്തെ പൊതു അറിയിപ്പ് കൂടാതെ ഹർത്താൽ സംഘടിപ്പിക്കുവാനോ പ്രേരിപ്പിക്കുവാനോ പാടില്ല എന്ന് വ്യവസ്ഥചെയ്തിരിക്കുന്നു. ഇതിൽ എന്തെങ്കിലും ഭേദഗതി വരുത്തേണ്ടതുണ്ടോ? ദേശീയ നേതാക്കളുടെയും മഹദ് വ്യക്തികളുടെയും മരണം പോലുള്ള അടിയന്തര ഘട്ടങ്ങളിൽ അനുശോചനാർത്ഥം പ്രഖ്യാപിക്കപ്പെടുന്ന ഹർത്താലുകൾക്കും മൂന്നു ദിവസത്തെ നോട്ടീസ് എന്ന വ്യവസ്ഥ ബാധകമാക്കേണ്ടതുണ്ടോ?

4. 3-ാം വകുപ്പിൽ, ഹർത്താൽ സംഘടിപ്പിക്കുന്നവർ ഒരു തുക ഈടായി നിക്ഷേപിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ എന്തെങ്കിലും ഭേദഗതി ആവശ്യമുണ്ടോ? ഈ തുക നൽകുന്നതു സംബന്ധിച്ച വ്യവസ്ഥകളും അത് കൈകാര്യം ചെയ്യുന്ന ഓഫീസ് സംബന്ധിച്ചും വ്യക്തത വരുത്തേണ്ടതുണ്ടോ?
5. ഹർത്താൽ നടത്തുന്നതിനുള്ള ഉപാധികൾ സംബന്ധിച്ച 4-ാം വകുപ്പിൽ നിലവിലെ വ്യവസ്ഥകൾ കൂടാതെ മറ്റെന്തെങ്കിലും വ്യവസ്ഥകൾ ചേർക്കേണ്ടതുണ്ടോ? നിലവിലെ വ്യവസ്ഥകളിൽ ഏതെങ്കിലും ഒഴിവാക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യേണ്ടതുണ്ടോ?
6. 5-ാം വകുപ്പിൽ, ചില ഹർത്താലുകൾ സർക്കാർ നിരോധിക്കണമെന്ന വ്യവസ്ഥയിൽ, ജനജീവിതത്തിന് ആവശ്യമായ വ്യാപാരത്തെയോ പ്രവർത്തനത്തെയോ നിർത്തലാക്കുന്നതിനു കാരണമാകുമ്പോൾ പ്രസ്തുത ഹർത്താൽ നിയന്ത്രിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിൽ, മേഖലാടിസ്ഥാനത്തിലുള്ള ലംഘനങ്ങൾക്ക് നിരോധനം ഏർപ്പെടുത്തുന്നത് മേഖലാടിസ്ഥാനത്തിലാണോ, സംസ്ഥാന വ്യാപകമായാണോ എന്ന വിഷയത്തിൽ വ്യക്തത ആവശ്യമുണ്ടോ? ഹർത്താലുകൾ ഏൽപിക്കപ്പെട്ട മറ്റ് അധികാര സ്ഥാനം മുഖേന ഫലപ്രദമായി നിരോധിക്കുന്നതാണെന്ന വ്യവസ്ഥയിൽ വ്യക്തത ആവശ്യമുണ്ടോ?
7. ബില്ലിലെ 6-ാം വകുപ്പിൽ, നിയമപരമായ അവകാശങ്ങൾ വിനിയോഗിക്കാൻ ആവശ്യമായ സഹായം പോലീസ് നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. അപേക്ഷ നൽകേണ്ടത് ഏതുതരത്തിലാണ്, ആർക്കാണ്, ഫോൺ സന്ദേശം, ഓൺലൈൻ പരാതി തുടങ്ങിയവ ഉൾപ്പെടുമോ എന്നുള്ള വിഷയങ്ങളിലും മറ്റ് അധികാര സ്ഥാനങ്ങളും എന്നതിലും കൂടുതൽ വിശദീകരണം ആവശ്യമുണ്ടോ?
8. ബില്ലിലെ 7-ാം വകുപ്പിൽ, ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഹർത്താൽ ആഹ്വാനം ചെയ്യുകയോ നടത്തുകയോ ചെയ്യുന്നവർക്കുള്ള ശിക്ഷയെ സംബന്ധിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. ഇവ പര്യാപ്തമാണോ? ഇതിൽ കൂട്ടിചേർക്കലുകളോ ഭേദഗതികളോ വരുത്തേണ്ടതുണ്ടോ? സാമൂഹ്യ മാധ്യമങ്ങൾ വഴി നടത്തുന്ന ആഹ്വാനങ്ങളും പിന്തുണയ്ക്കലുകളും വ്യവസ്ഥയുടെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ?
9. 7-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന മറ്റ് ഏജൻസികൾ ഏതൊക്കെയാണെന്ന വിഷയത്തിലും ഈ വ്യവസ്ഥപ്രകാരമുള്ള ശിക്ഷ നടപ്പാക്കുന്നതിനുള്ള അധികാരം ആർക്കൊക്കെയാണ് എന്നതിലും വ്യക്തത വരുത്തേണ്ടതുണ്ടോ?

10. ബില്ലിലെ 8-ാം വകുപ്പിൽ, ജാമ്യം അനുവദിക്കുന്നതിനുള്ള ഉപാധികളെ കുറിച്ചാണ് നിഷ്കർച്ചിരിക്കുന്നത്. പ്രതിക്ക് ജാമ്യം അനുവദിക്കുന്നതിനുള്ള വ്യവസ്ഥകളിൽ എന്തെങ്കിലും ഭേദഗതികൾ നിർദ്ദേശിക്കാനുണ്ടോ? നിലവിലുള്ള വ്യവസ്ഥ പര്യാപ്തമാണോ?
11. ബില്ലിലെ 9-ാം വകുപ്പിൽ, ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം എന്നതിനെക്കുറിച്ചാണ് പരാമർശിച്ചിരിക്കുന്നത്. ഇതിൽ എന്തെങ്കിലും ഭേദഗതികൾ നിർദ്ദേശിക്കാനുണ്ടോ?
12. ഹർത്താലിന്റെ പ്രാധാന്യവും ആവശ്യകതയും സംബന്ധിച്ച്, ഹർത്താലിന് നോട്ടീസ് നൽകിയിട്ടുള്ള സംഘടനാപ്രതിനിധികളുമായി ചർച്ച നടത്തി യുക്തമായ തീരുമാനം കൈകൊള്ളേണ്ടതാണെന്ന വ്യവസ്ഥ ചേർക്കേണ്ടതുണ്ടോ?
13. ഹർത്താലുകൾ ആഹ്വാനം ചെയ്യുന്നത് സംബന്ധിച്ച നോട്ടീസ് നൽകേണ്ട അധികാരസ്ഥരെ സംസ്ഥാനതലത്തിലും പ്രദേശികതലത്തിലും പ്രത്യേകമായി നിശ്ചയിച്ചുകൊണ്ടുള്ള വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതുണ്ടോ?
14. ഹർത്താലുകൾ നിയന്ത്രിക്കുന്നതു സംബന്ധിച്ച് ഇറങ്ങുന്ന ഉത്തരവിന്റെ പ്രാബല്യം, അതിന് വിരുദ്ധമായി ഹർത്താൽ നടത്തുവാനുള്ള പ്രഖ്യാപനവും അതിനായി നടത്തുന്ന മറ്റേതൊരു പ്രവർത്തനവും നിയമവിരുദ്ധമായിരിക്കുന്നതാണെന്ന വ്യവസ്ഥ ചേർക്കേണ്ടതുണ്ടോ?
15. ഹർത്താലിന് പ്രേരണ നൽകുന്നവർക്ക് ശിക്ഷ നൽകുന്ന വ്യവസ്ഥ ചേർക്കേണ്ടതുണ്ടോ? ഉണ്ടെങ്കിൽ ശിക്ഷ ഏതു രീതിയിലായിരിക്കണം എന്ന കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശിക്കാനുണ്ടോ?
16. കുറ്റം കൊഗ്നൈസബിൾ ആയിരിക്കുമെന്ന വ്യവസ്ഥ ചേർക്കേണ്ടതുണ്ടോ? കുറ്റം ചെയ്തതെന്ന് ന്യായമായി സംശയിക്കുന്ന എതൊരാളെയും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് വാറണ്ടില്ലാതെ അറസ്റ്റ് ചെയ്യാമെന്ന തരത്തിലുള്ള എന്തെങ്കിലും വ്യവസ്ഥ ചേർക്കേണ്ടതുണ്ടോ?
17. ബില്ലിലെ വ്യവസ്ഥകളുമായി ബന്ധപ്പെട്ട് മറ്റെന്തെങ്കിലും നിർദ്ദേശങ്ങൾ നൽകാനുണ്ടോ?

**കുറിപ്പ്**

1. ബില്ലിന്റെ പകർപ്പ് ചോദ്യാവലി എന്നിവ നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും നേരിട്ടോ നിയമസഭ വെബ്സൈറ്റ് (www.niyamasabha.org) മുഖേനയോ ലഭ്യമാകുന്നതാണ്.

2. അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ 2016 ഫെബ്രുവരി മാസം 05-ാം തീയതിക്കോ അതിനു മുൻപോ ചെയർമാൻ, സെലക്ട് കമ്മിറ്റി, 2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.